# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം T6462** **08.11.2016- ൽ മറുപടിക്ക്**

### കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കഴിഞ്ഞ ആറുമാസക്കാലമായി കമ്പനി ഉത്പാദിപ്പിച്ച ഉല്പന്നം പകുതിയോളം കെട്ടിക്കിടക്കുന്നത് കൊണ്ടുണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലം അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനോ, തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനോ സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഗുണമേന്മയ്ക്ക് അനുസൃതമായ വില ലഭിക്കാത്തതു മൂലം ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) മില്ലിന്റെ രണ്ടാംഘട്ടം പ്രവർത്തനത്തിന് പ്രോജക്ട് സമർപ്പിച്ചിട്ടും നൽകുവാനുള്ള ബാക്കി തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) മില്ലിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിനായുള്ള 10.35 കോടി രൂപ അനുവദിക്കുന്നതിനുള്ള കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) കമ്പനി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുമോ ? | (ഡി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റുകളിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതി, റിയാബുമായി ചർച്ച ചെയ്ത് തയ്യാറാക്കി സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ